**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2677** **28-02-2023 - ൽ മറുപടിയ്ക്ക്**

**വട്ടച്ചിറ കോളനിയിലെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ പട്ടികവർഗ്ഗ കോളനിയിലെ അന്തേവാസികൾക്ക് ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്; അതിൽ പ്രവൃത്തി ആരംഭിച്ചതും പൂർത്തിയാക്കിയതും അവശേഷിക്കുന്നതുമായ വീടുകൾ എത്രയാണെന്ന് ഇനം തിരിച്ച് അറിയിക്കാമോ; | (എ) | കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ പട്ടികവർഗ്ഗ കോളനിയിൽ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 19 വീടുകൾ അനുവദിച്ചിരുന്നു. ആയതിൽ 12 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 7 വീടുകളുടെ നിർമ്മാണം നടന്നുവരികയാണ്. |
| (ബി) | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; എപ്പോൾ പൂർത്തിയാക്കുമെന്ന് അറിയിക്കാമോ? | (ബി) | വട്ടച്ചിറ പട്ടികവർഗ്ഗ കോളനിയിലെ ഭവനനിർമ്മാണ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രമാണ്. 7 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ഏജൻസിയുമായി നിരന്തരം ബന്ധപ്പെട്ടിരുന്നുവെങ്കിലും നിർവ്വഹണ ഏജൻസി നിർമ്മാണം പൂർത്തീകരിക്കുന്നതിന് യാതൊരുവിധ നടപടികളും സ്വീകരിച്ചിരുന്നില്ല. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ വീട് നിർമ്മിക്കാമെന്ന് അറിയിച്ച സാഹചര്യത്തിൽ ജില്ലാ നിർമ്മിതികേന്ദ്രത്തെ ഒഴിവാക്കി ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. 7 വീടുകളുടെ നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിക്ക് അഡ്വാൻസായി നൽകിയ ആദ്യ ഗഡു തുകയിൽ നിന്നും ചെയ്ത പ്രവൃത്തിയുടെ തുക കിഴിച്ച് ബാക്കി തുക തിരിച്ചടയ്ക്കാൻ തയ്യാറാണെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ